# അവതാരിക

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമ വർഷമായ 2012 - 13 ലെ വാർഷിക പദ്ധതിയുടെ വിശദാംശങ്ങളാണ് ഈ പ്രസിദ്ധീകരണത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. മുൻവർഷത്തെ പുതുക്കിയ പദ്ധതി തുകയായ 12010 കോടി രൂപയേക്കാൾ 16.65 ശതമാനം വർദ്ധനവോടെ 14010 കോടി രൂപയാണ് ഈ വർഷം വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2176.60 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ്ഗ ഉപപദ്ധതികൾക്കുള്ള സഹായമായ 16 കോടി രൂപയും എൻ. സി. ഡി. സി. യിൽ നിന്നുള്ള ധനസഹായമായ 68 കോടി രൂപയും കൂടി കണക്കിലെടുത്താൽ 2012 - 13 ലെ മൊത്തം പദ്ധതി തുക 16202.60 കോടി രൂപയായിരിക്കും.

ദേശീയ വികസന കൗൺസിൽ തീരുമാനിച്ചതനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സാമ്പത്തിക സഹായ രീതിയിൽ 01. 04. 1979 മുതൽ മാറ്റം വരുത്തിയിട്ടുണ്ട്. അതനുസരിച്ച് അത്തരം പദ്ധതികൾ 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നവ , 50 ശതമാനം സഹായം ലഭിക്കുന്നവ എന്നീ രണ്ട് വിഭാഗങ്ങളിലായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം പദ്ധതികൾക്ക് ഈ വർഷം ഉൾപ്പെടുത്തിയിട്ടുള്ള തുക തികച്ചും താൽകാലികമാണ്. ആയതിനാൽ ഈ രണ്ട് പരിപാടികളും നടപ്പാക്കുന്നതിന് സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ, ബന്ധപ്പെട്ട കേന്ദ്രമന്ത്രികാര്യാലയങ്ങളുടേയും വകുപ്പുതല/പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകളുടേയും അനുമതി നേടേണ്ടതും 2012 - 13 ലേയ്ക്ക് ലഭിക്കാവുന്ന കേന്ദ്ര സഹായത്തിനനുസരിച്ച് ചെലവുകൾ ക്രമീകരിക്കേണ്ടതുമാണ്.

അടിസ്ഥാന സൗകര്യ വികസന ലക്ഷ്യങ്ങൾ കൈവരിക്കാനുദ്ദേശിക്കുന്നതോടൊപ്പം ഈ വാർഷിക പദ്ധതി, കൃഷി, മലയോര വികസനം, മറ്റു പിന്നോക്ക സമുദായങ്ങളുടേയും ന്യൂനപക്ഷങ്ങളുടേയും ഉന്നമനം തുടങ്ങിയ മേഖലകളുടെ വളർച്ചക്കും ഗണ്യമായ വിഹിതം ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. 2011 - 12 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പല മേഖലകളിലും പ്രത്യേകിച്ച് വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും, ഉന്നതവിദ്യാഭ്യാസം, നഗരവികസനം, ക്ഷീരോല്പാദനം, കായികയുവജനക്ഷേമം, വിനോദ സഞ്ചാരം, കലയും സംസ്ക്കാരവും തുടങ്ങിയ സുപ്രധാന മേഖലകളിൽ 70 ശതമാനത്തോളം അധിക വിഹിതം നീക്കിവച്ചിരിക്കുന്നു.

അടിസ്ഥാനസൗകര്യവികസനം മുൻനിർത്തി പ്രത്യേക പ്രാമുഖ്യം നൽകി നിരവധി പ്രോജക്ടുകൾ ഈ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീരദേശവികസനം, ജലാശയങ്ങളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം, മത്സ്യബന്ധന ഗ്രാമങ്ങളുടെ സംയോജിത വികസനം, ശബരിമല മാസ്റ്റർ പ്ലാൻ, വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ, ഉൾനാടൻ ജലഗതാഗതം തുടങ്ങിയവ ഉദാഹരണങ്ങൾ. പുതിയ മുല്ലപ്പെരിയാർ ഡാം നിർമ്മാണത്തിനായുള്ള പ്രാഥമിക ചെലവുകൾക്കും തുക നീക്കിവച്ചിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസ രംഗത്ത് നിരവധി നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ കളമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 10 കോളേജുകൾ സെന്റേഴ്സ് ഓഫ് എക്സലൻസായി വികസിപ്പിക്കൽ, സംസ്ഥാന സർവ്വകലാശാലകൾക്കായി ഒരു സ്റ്റേറ്റ് അവാർഡ് ഫണ്ട് രൂപീകരിക്കൽ, കേരളാ സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ ഇതിൽപ്പെടും. വൈദ്യശുശ്രൂഷ - പൊതുജനാരോഗ്യ മേഖലയിലും പുതിയ പദ്ധതികൾക്ക് തുടക്കമിടുകയാണ്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളോടനുബന്ധിച്ച് പ്രസവ ശുശ്രൂഷാ വിഭാഗം സ്ഥാപിക്കുക, എട്ടുജില്ലകളിൽ പുതുതായി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ആരംഭിക്കുക, അടിയന്തിര വൈദ്യസഹായ സേവനം (108 ആംബുലൻസുകൾ) എല്ലാ ജില്ലകളിലും നടപ്പാക്കുക, ആലപ്പുഴയിലും തൃശ്ശൂരും പുതിയ ഡെന്റൽ കോളേജുകൾ സ്ഥാപിക്കുക, എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളോടും ചേർന്ന് ഹോമിയോപ്പതി സ്പെഷൽ കെയർ സെന്ററുകൾ ആരംഭിക്കുക, ജീവിതശൈലീരോഗ നിയന്ത്രണത്തിനായി 'ആയുഷ്' ഹോളിസ്റ്റിക് സെന്ററുകൾ സ്ഥാപിക്കുക എന്നിവ ഈ മേഖലയിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുവാനുദ്ദേശിക്കുന്ന ചില പ്രധാന പദ്ധതികളാണ്. സാമൂഹ്യസുരക്ഷിതത്വ ക്ഷേമ പരിപാടികൾക്കും മതിയായ പരിഗണന നൽകിയിട്ടുണ്ട്.

14010 കോടി രൂപയുടെ സംസ്ഥാന പദ്ധതിയിൽ 3228 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമാണ്. സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിഹിതം 1100 കോടി രൂപയും.

സംസ്ഥാന പദ്ധതിയിൽ 2012 -13 ലേയ്ക്ക് വകയിരുത്തിയിട്ടുള്ള 14010 കോടി രൂപയുടെ ധനസമാഹാരണ രീതി താഴെപ്പറയും പ്രകാരമാണ്.

*സംസ്ഥാന പദ്ധതിയുടെ ധനസമാഹരണ രീതി*

(രൂപ കോടിയിൽ)

| | | | |
|---|---|---|---|
| I | (i) | നടപ്പു വർഷത്തിലെ റവന്യൂ അക്കൗണ്ടിൽ നിന്നുള്ള നീക്കിയിരിപ്പ് | 650.74 |
| | (ii) | പ്രോവിഡന്റ് ഫണ്ട്, ചെറുകിട സമ്പാദ്യം (തനി) | 1079.57 |
| | (iii) | പലവക മൂലധന വരവ് | -5081.36 |
| | (iv) | 13-ാം ധനകാര്യ കമ്മീഷന്റെ പ്രത്യേക ഗ്രാന്റുകൾ | 419.72 |
| | (v) | ചെറുകിട സമ്പാദ്യം (എൻ. എസ്. എസ്. എഫ്.) (തനി) | -397.73 |
| | (vi) | പൊതുകടമെടുപ്പ് (എസ്. എൽ. ആർ. ആധാരമാക്കി) (തനി) | 10400.24 |
| | (vii) | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ (തനി) | 271.46 |
| | (viii) | | |
| | (ix) | വിദേശ സഹായ പദ്ധതികൾക്കുള്ള ധനസഹായം/ അധിക കേന്ദ്ര സഹായം | 2312.19 |
| | (x) | സാധാരണ കേന്ദ്ര സഹായം | 361.85 |
| | (x) | കേന്ദ്ര വായ്പയുടെ തിരിച്ചടവ് | -334.68 |
| | | **ആകെ - (i) മുതൽ (x) വരെ** | **9682.00** |
| II | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | 3228.00 |
| III | | കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിഹിതം | 1100.00 |
| | | **മൊത്തം തുക ( I + II + III)** | **14010.00** |